പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 209 | 26/02/2018 ൽ മറുപടി<br>നല്കേണ്ടത്. |

## വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എൻ.എ ഖാദർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | വേങ്ങര നിയോജക മണ്ഡലത്തിൽ എ. ആർ നഗർ ഗ്രാമപഞ്ചായത്തിലെ കുന്നുംപുറം പ്രാഥമികാരോഗ്യകേന്ദ്ര ത്തിൽ ഗ്രാമീണ ശുദ്ധജല വിതരണപദ്ധതിയിൽ ഉൾപ്പെടു ത്തി കുടിവെള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയിട്ടുള്ള കത്തുകളുടെയും റിപ്പോർട്ടുകളുടെയും പകർപ്പു കൾ നല്കാമോ; | എ) | പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| ബി) | ഈ പദ്ധതിക്ക് ആരോഗ്യവകുപ്പ് അനുമതി നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | ബി) | 5.08.16 തീയതിയിലെ കത്ത് പ്രകാരം സർക്കാർ അനുമതിയില്ലാത്ത വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം നിർത്തി വയ്ക്കണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടതനു സരിച്ച് നിർമ്മാണ പ്രവർത്തനം നിറുത്തിവക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് 27.10.17 തീയതിയിലെ കത്ത് പ്രകാരം ടി പ്രവർത്തിക്ക് ഉപാധികളോടെ അംഗീകരിക്കുന്നതിൽ ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് ആരോഗ്യവകുപ്പ്ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു. ഈ വിഷയം 271/ഇ 2/16/ആകുവ പ്രകാരം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

നമ്പർ-സി1/23946/2015

ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം)
മലപ്പുറം, തീയ്യതി.20.09.2017

പ്രേഷകൻ

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
മലപ്പുറം.

സ്വീകർത്താവ്

ആരോഗ്യവകുപ്പ് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം – എ.ആർ.നഗർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ ഗ്രാമപഞ്ചായത്തിന്റെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് അനുമതി നൽകുന്നത് – സംബന്ധിച്ച്.

സൂചന – 1) ഈ ഓഫീസിലെ 29.06.2016 ലെ ഇതേ നമ്പറിലുള്ള കത്ത്.
2) 26.08.2017 ലെ എ.ആർ.നഗർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ എ4/5030/17 എന്ന നമ്പറിലുള്ള കത്ത്.
3) 15.09.2017 ലെ എ.ആർ.നഗർ പ്രാഥമിക ആരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസറുടെ 162/2017 എന്ന നമ്പറിലുള്ള കത്ത്.

****

എ.ആർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ 40 സെന്റ് സ്ഥലം സർക്കാർ അനുമതി ലഭിക്കാതെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിന് എ.ആർ.നഗർ പഞ്ചായത്ത് വിട്ട് നൽകിയതിനാൽ ഈ ഓഫീസിൽ നിന്നും സർക്കാർ അനുമതി ലഭിക്കുന്നതുവരെ പ്രസ്തുത പ്രവർത്തി നിർത്തിവെക്കുന്നതിന് നടപടി സ്വീകരിക്കുകയും, എ.ആർ.നഗർ ഗ്രാമപഞ്ചായത്തിന്റെ അനധികൃത പ്രവർത്തിയിൽ നടപടി ആവശ്യപ്പെട്ട് സൂചന ഒന്നിൽ പരാമർശിച്ചിരിക്കുന്ന കത്ത് അനുസരിച്ച് താങ്കളുടെ ഓഫീസിലേക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ സൂചന 2 ൽ പരാമർശിച്ചിരിക്കുന്ന കത്ത് അനുസരിച്ച് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് എ.ആർ നഗർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ സ്ഥാപിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്നതിന് എ.ആർ.നഗർ ഗ്രാമപഞ്ചായത്തിൽ നിന്നും അപേക്ഷ ലഭിച്ചിരിക്കുന്നതിനാൽ, സൂചന ഒന്നിൽ പരാമർശിച്ച കത്തിൽ ആവശ്യപ്പെട്ട നടപടികൾ ഇനി സ്വീകരിക്കേണ്ടതില്ല എന്ന് അപേക്ഷിക്കുന്നു.

ഈ വിഷയത്തിൽ സൂചന 2 ൽ പരാമർശിച്ച എ.ആർ നഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷയും, സൂചന 3 ൽ പരാമർശിച്ച എ.ആർ നഗർ പ്രാഥമിക ആരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടും ഇതോടൊപ്പം അയക്കുന്നു.

എ.ആർ.നഗർ പ്രാഥമിക ആരോഗ്യകേന്ദ്രം പഞ്ചായത്തിലെ ഉയർന്ന പ്രദേശം ആയതിനാൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും, പ്രാഥമിക ആരോഗ്യകേന്ദ്രം ഉൾപ്പെടെയുള്ള പൊതു സ്ഥാപനങ്ങൾക്കും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് കൊണ്ടുള്ള പ്രയോജനം ലഭിക്കും എന്നതിനാലും, ഇതുമൂലം സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഒരു തരത്തിലും ബാധിക്കുകയില്ല എന്ന മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആരോഗ്യ വകുപ്പിൽതന്നെ നിലനിർത്തി എ.ആർനഗർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ 1.92 ഏക്കർ സ്ഥലത്തിൽ 44.15 സെന്റ് സ്ഥലം എ.ആർ നഗർ ഗ്രാമപഞ്ചായത്ത് പദ്ധതി ആയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് അനുമതി നൽകാവുന്നതാണ് എന്ന് അഭിപ്രായപ്പെടുന്നു. അതോടൊപ്പം വാട്ടർ അതോറിറ്റി മേൽ സ്ഥാപനത്തിന് ആവശ്യമായിട്ടുള്ള ജലം സൗജന്യമായി കാലാകാലം നൽകണമെന്ന് ഉപാധികൂടി വെക്കണമെന്ന് കൂടി അഭിപ്രായപ്പെടുന്നു.

എ.ആർ.നഗർ പ്രാഥമിക ആരോഗ്യകേന്ദ്രം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഫാമിലി ഹെൽത്ത് സെന്റർ ആയി ഉയർത്തിയ സ്ഥാപനം ആണ് എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) മലപ്പുറം.

പകർപ്പ്- 1) മെഡിക്കൽ ഓഫീസർ പ്രാഥമിക ആരോഗ്യകേന്ദ്രം എ.ആർ.നഗർ.

2) പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത്, എ.ആർ.നഗർ.

3) കരുതൽ ഫയൽ.

എസ്.51/25/3/17

രജിസ്റ്റേർഡ് പോസ്റ്റ്

ഭരണഭാഷ - മാതൃഭാഷ

നമ്പർ സി1/23946/2015

ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം),
മലപ്പുറം, തീയ്യതി. 29.06.2016

പ്രേഷകൻ

47100

ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം),
മലപ്പുറം

സ്വീകർത്താവ്

ആരോഗ്യവകുപ്പ് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- സർക്കാർ അനുമതി ഇല്ലാതെ എ.ആർ നഗർ പി.എച്ച്.സി യുടെ സ്ഥലം പഞ്ചായത്ത് കൈമാറ്റം ചെയ്തത് - സംബന്ധിച്ച്.

സൂചന:- 1. ഈ ഓഫീസിലെ 13.10.2015 ലെ സി1/23946/15 എന്ന നമ്പറിലുള്ള കത്ത്.

2. 04.06.2016 ലെ മലപ്പുറം കേരള വാട്ടർ അതോറിറ്റിയുടെ ഡി.ബി2/പ്രോജക്ട്/311/2015-16 എന്ന നമ്പറിലുള്ള കത്ത്.

3. ഈ ഓഫീസിലെ 29/6/2016 ലെ ഇതേ നമ്പറിലുള്ള കത്ത്.

....

സൂചന ഒന്നിൽ പരാമർശിച്ചിരിക്കുന്ന കത്ത് അനുസരിച്ച് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) സർക്കാർ അനുമതി ഇല്ലാതെ എ.ആർ നഗർ ഗ്രാമപഞ്ചായത്ത് എ.ആർ നഗർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നടത്തുവാൻ അനുമതി നൽകിയ ജലശുദ്ധീകരണശാല നിർമ്മാണം നിർത്തൽ ചെയ്തിരുന്നു.

പക്ഷേ സൂചന 2 ൽ പരാമർശിച്ചിരിക്കുന്ന കത്ത് അനുസരിച്ച് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) കേരള വാട്ടർ അതോറിറ്റി മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നത് എ.ആർ നഗർ പ്രാഥമിക കേന്ദ്രത്തിന്റെ 40 സെന്റ് സ്ഥലം എ.ആർ നഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത ഓഫീസർക്ക് കൈമാറ്റം ചെയ്തു എന്നും, പ്രസ്തുത കോമ്പൗണ്ടിൽ ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനും പഞ്ചായത്ത് അനുമതി നൽകി എന്നും, നിർമ്മാണ പ്രവർത്തികൾ ഉടൻ ആരംഭിക്കും എന്നുമാണ്. അതിനുശേഷം സൂചന 3 ൽ പരാമർശിച്ചിരിക്കുന്ന ഈ ഓഫീസിലെ കത്ത് അനുസരിച്ച് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) സർക്കാർ അനുമതി ഇല്ലാതെ ആരോഗ്യവകുപ്പിന്റെ സ്ഥലത്തിൽ നിർമ്മാണ പ്രവർത്തികൾ അനുവദനീയമല്ലാത്തതിനാൽ, എ.ആർനഗർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ പഞ്ചായത്ത് നിർദേശിച്ചിരിക്കുന്ന പ്രവർത്തികൾ ആരംഭിക്കുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

03.11.1996 ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നമ്പർ 31259/പി2/96 എന്ന നമ്പരുള്ള സർക്കുലർ അനുസരിച്ച് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ വസ്തുവകകളുടെ ഉടമസ്ഥാവകാശം ഇപ്പോഴും സർക്കാറിൽ നിക്ഷിപ്തമാണ് എന്നും അവ വിൽക്കാനോ, കൈമാറ്റം ചെയ്യാനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ല എന്നും, പ്രസ്തുത സ്ഥാപനങ്ങളുടെ വസ്തുവകകൾ ആ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗപ്പെടുത്തണം എന്നും, മറ്റ് യാതൊരു സംരംഭത്തിനും ഉപയോഗപ്പെടുത്തികൂടാ എന്നും കർശന നിർദ്ദേശം ഉള്ളതാണ്. പ്രസ്തുത സർക്കുലർ, സൂചന ഒന്നിൽ പരാമർശിച്ചിരിക്കുന്ന എ.ആർ നഗർ ഗ്രാമപഞ്ചായത്തിനു അയച്ച കത്തിൽ അറിവിലേക്കായി ഉള്ളടക്കം ചെയ്തിട്ടുണ്ടായിരുന്നിട്ടും, സ്ഥാപന മേധാവിയോ, ജില്ലാ മെഡിക്കൽ ഓഫീസറോ അറിയാതെയും സർവ്വോപരി ഉടസ്ഥാവകാശം നിക്ഷിപ്തമായ സർക്കാരിൽ നിന്നുള്ള ഉത്തരവോ ഇല്ലാതെ എ.ആർ.നഗർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ സ്ഥലം കൈമാറ്റം ചെയ്ത നടപടിയും, അവിടെ ആരോഗ്യവകുപ്പിന്റേതല്ലാത്ത മറ്റൊരു പ്രവർത്തിക്ക് അനുമതി നൽകിയ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി നിലവിലുള്ള സർക്കാർ നിയമങ്ങളോടുള്ള വെല്ലുവിളി ആയി കണക്കാക്കാവുന്നതും പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടിക്ക് ശുപാർശ നൽകുന്നതിനും സർക്കാർ അനുമതി ഇല്ലാതെ എ.ആർ നഗർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ പഞ്ചായത്ത് അനുമതി നൽകിയിരിക്കുന്ന പ്രവർത്തികൾ നിർത്തിവെക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കണം എന്നും അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം

ഉള്ളടക്കം – മുകളിൽ സൂചിപ്പിച്ചവ.

പകർപ്പ് – 1. മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യകേന്ദ്രം, എ.ആർ.നഗർ } സ്ഥാപനത്തിന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ 5 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

2.കരുതൽ ഫയൽ

എസ്.ടി./29/6/16